MONDAY

03/03/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suresh A R**  **Editor : Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 3/02/2025

1. ഗവൺമെൻ്റ് ഓറഞ്ച് & ആൻ്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയുടെ നേതൃത്വത്തിൽ NATOURA- 25 എന്ന പേരിൽ ഒരു അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റ് 2025 ഫെബ്രുവരി 6 മുതൽ 10 വരെ ഗവൺമെൻ്റ് ഓറഞ്ച് & വെജിറ്റബിൾ ഫാം നെല്ലിയാമ്പതിയിൽ നടത്തുന്നു. വിവിധ പ്രദർശന വിപണന സ്റ്റാളുകൾ, പുഷ്പ ഫലസസ്യപ്രദർശനം, കാർഷിക സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ, ഫുഡ് ഫെസ്റ്റ്, കലാകായിക മത്സരങ്ങൾ മുതലായ പരിപാടികളോടെ യാണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്.

2. കുട്ടനാട്ടിൽ പുഞ്ചകൃഷി ഇറക്കിയ ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിദ്ധ്യം കാണുന്നുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോട്ടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരേയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ, ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. കീടനിരീക്ഷണകേന്ദ്രം ഉദ്യോഗസ്ഥർ അതാത് കൃഷിയിടങ്ങൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഇതിനായി കർഷകർക്ക് 8547865338, 9074306585 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ ചിപ്പിക്കൂൺവിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട് . കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

4. റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഗ്രാജുവേറ്റ് ട്രെയിനിയെയും ഫാക്കൽറ്റി ട്രെയിനിയെയും താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) ഫെബ്രുവരി 06-ന് നടത്തുന്നു. 'ഗ്രാജുവേറ്റ് ട്രെയിനി' തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കെമിസ്ട്രിയിൽ ബിരുദമോ പോളിമർ സയൻസ്/പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. 'ഫാക്കൽറ്റി ട്രെയിനി' എന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പോളിമർ ടെക്നോളജിയിലോ റബ്ബർ ടെക്നോളജിയിലോ ബി.ടെക്/എം.ടെക് ബിരുദം ഉള്ളവരായിരിക്കണം. 2025 ജനുവരി 01-ന് പ്രായം 30 വയസ്സ് കവിയരുത്. ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2025 ഫെബ്രുവരി 06-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353326, 2353327.

### പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിൽ സൗജന്യ മാസ്സീവ് ഓപ്പൺ ഓൺലൈന് കോഴ്സിൻറെ പുതിയ ബാച്ച് ഫെബ്രുവരി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാസം 10 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഈ കോഴ്സ് കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവര് ഫെബ്രുവരി 9 നകം ഈ കോഴ്സില് രജിസ്റ്റര് ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സില് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഫെബ്രുവരി 10 മുതല് 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസര് ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാവുന്നതാണ്.

6. മണ്ണുത്തി സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്ടറി സയൻസിൽ ഫെബ്രുവരി 27 ന് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9495333400 എന്ന നമ്പറിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം